മഹാത്മാഗാന്ധി സർവ്വകലാശാല
പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298

2022 ഡിസംബർ 1

# വാർത്താക്കുറിപ്പ്

---

## ബസേലിയോസ് കോളജിൽ ഗാനമഞ്ജരി ഇന്ന്

മഹാത്മാ ഗാന്ധി സർവകലാശാലയിലെ അന്തർസർവകലാശാലാ സംഗീതശാസ്ത്ര പഠന കേന്ദ്രവും(ഐ.യു.സി.എസ്.എസ്.എം) കാട്ടയം ബസേലിയോസ് കോളേജ് മലയാള വിഭാഗവും ചേർന്ന് സംഘടിപ്പിക്കുന്ന ഗാനമഞ്ജരി ഇന്ന്(ഡിസംബർ 2) ബസേലിയോസ് കോളജ് ആംഫി തീയറ്ററിൽ നടക്കും.

ഉച്ചകഴിഞ്ഞ് 3.30ന് പ്രോ വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ ഉദ്ഘാടനം ചെയ്യും. കുമ്മനം ശശികുമാർ നിർമിച്ച ഗായത്രി തംബുരു ചടങ്ങിൽ സംഗീതശാസ്ത്ര പഠന കേന്ദ്രത്തിനുവേണ്ടി പ്രോ വൈസ് ചാൻസലർ ഏറ്റുവാങ്ങും. പാശ്ചാത്യ സംഗീതത്തിലെ ശാസ്ത്രീയത എന്ന വിഷയത്തിൽ ഫാ. എം.പി. ജോർജ് പ്രഭാഷണം നടത്തും.

ഐ.യു.സി.എസ്.എസ്.എം ഡയറക്ടർ ഡോ. കെ. ജയചന്ദ്രൻ, കുമ്മനം ശശികുമാർ, ഡോ. സ്മിത പിഷാരടി, ബസേലിയോസ് കോളജ് മലയാള വിഭാഗം മേധാവി ഡോ. തോമസ് കുരുവിള, കോട്ടയം ഉണ്ണികൃഷ്ണൻ എന്നിവർ സംസാരിക്കും.

വൈകുന്നേരം അഞ്ചിന് വനിതാ കൂട്ടായ്മ അവതരിപ്പിക്കുന്ന സംഗീത സമന്വയവും ആറിന് കാവാലം ശ്രീകുമാർ നയിക്കുന്ന സംഗീത പരിപാടിയും നടക്കും.

(പി.ആർ.ഒ./39/1690/2022)

## സർട്ടിഫിക്കറ്റ് കോഴ്സ്

മഹാത്മാ ഗാന്ധി സർവകലാശാല ഇൻറർ യൂണിവേഴ്സിറ്റി സെൻറർ ഫോർ ഡിസെബിലിറ്റി സ്റ്റഡീസും(ഐ.യു.സി.ഡി.എസ്.) പാലാ ഡിമെൻഷ്യ കെയറും സംയുക്തമായി മറവി രോഗികളെയും മുതിർന്നവരെയും പരിചരിക്കുന്നതിനുള്ള വിദഗ്ദ പരിശീലന കോഴ്സ് ആരംഭിക്കുന്നു. ആറു മാസമാണ് കോഴ്സിൻറെ ദൈർഘ്യം.

പ്രീ ഡിഗ്രി അല്ലെങ്കിൽ പ്ലസ് ടു വിജയിച്ചവർക്ക് പഠിക്കാം. ഞായറാഴ്ചകളിലും പൊതു ഒഴിവു ദിവസങ്ങളിലുമായിരിക്കും ക്ലാസുകൾ.തിയറി ക്ലാസുകൾ സർവകലാശാലയിലും പരിശീലനം വിവിധ കേന്ദ്രങ്ങളിലുമായിരിക്കും.

മോഡേൺ മെഡിസിനോടൊപ്പം ആയുർവേദവും ഹോമിയോപ്പതിയും ഉൾക്കൊള്ളിച്ചുള്ള സമഗ്ര പരിശീലനം നേടാൻ താത്പര്യമുള്ളവർ iucdsmgu@mgu.ac.in എന്ന മെയിൽ വിലാസത്തിൽ രജിസ്റ്റർ ചെയ്യണം. ഫോൺ - 0481 2731580, 9288757184.

(പി.ആർ.ഒ./39/1691/2022)

## ഇന്റേണൽ റീ-ഡു; 15 വരെ അപേക്ഷിക്കാം

ബി.ആർക്ക് കോഴ്സിൻറെ ഇൻറേണൽ അസെസ്മെൻറ് റീ-ഡു പരീക്ഷക്ക് അപേക്ഷിക്കുന്നതിനുള്ള സമയപരിധി നീട്ടി. ഡിസംബർ 12 വരെ അപേക്ഷ സ്വീകരിക്കും.

(പി.ആർ.ഒ./39/1692/2022)

## പ്രാക്ടിക്കൽ

നാലാം സെമസ്റ്റർ ബി.വോക് ലോജിസ്റ്റിക് മാനേജ്മെന്റ് (2020 അഡ്മിഷൻ റഗുലർ, 2019 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2019,2018 അഡ്മിഷൻ സപ്ലിമെന്ററി - ഡിസംബർ 2022) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ ഡിസംബർ 20 ന് നടത്തും. ടൈം ടേബിൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1693/2022)

## പരീക്ഷാ ഫലം

രണ്ടാം സെമസ്റ്റർ എൽ.എൽ.എം (റഗുലർ, സപ്ലിമെന്ററി - ജൂലൈ 2022) പരീക്ഷാ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് സഹിതം ഡിസംബർ 16 വരെ പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ അപേക്ഷ സ്വീകരിക്കും.

(പി.ആർ.ഒ./39/1694/2022)

**പബ്ലിക് റിലേഷൻസ് ഓഫീസർ**